**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് - സ്വകാര്യ മേഖലയിലെ ആശുപത്രികൾ,ആരോഗ്യ സ്ഥാപനങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ കൗണ്ടർ സൈൻ ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെയോ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഒരു ഓഫീസറെയോ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

**തൊഴിലും നൈപുണ്യവും (ജി)വകുപ്പ്**

സ.ഉ.(എം.എസ്.)നം.69/2016/തൊഴിൽ തീയതി, തിരുവനന്തപുരം 13/04/2016.

===============================================================

പരാമർശം:- 1).17/02/2009 ലെ സ.ഉ.(സാധാ)നം.213/09/തൊഴിൽ നമ്പർ ഉത്തരവ്.
2).26/04/2010 ലെ സ.ഉ.(സാധാ)നം.771/10/തൊഴിൽ നമ്പർ ഉത്തരവ്.
3).20/01/2016 ലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ക്യൂ1/4616/2011/ഡി.ഇ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്വകാര്യ മേഖലയിലെ വ്യാജ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ രേഖകളോട് കൂട്ടിച്ചേർക്കുന്നതിനായി ഹാജരാക്കുന്നത് തടയുന്നതിനായി സ്വകാര്യ മേഖലയിലെ ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ കൗണ്ടർ സൈൻ ചെയ്യുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് വകുപ്പും ആരോഗ്യ വകുപ്പും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലുള്ള ആശുപത്രികൾ, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസറോ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഒരു ഓഫീസറോ പരിശോധിച്ച് മേലൊപ്പ് വെക്കേണ്ടതാണെന്ന് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലുള്ള ആശുപത്രികൾ, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസറോ, ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഓഫീസറോ പരിശോധിച്ച് മേലൊപ്പ് വെക്കേണ്ടതാണെന്ന് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷെർളി പി.**
**ഡെപ്യൂട്ടി സെക്രട്ടറി**

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ